# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ആഗസ്റ്റ് 7<br>August 7 | 2018 |
| --- | --- |

*1193 കർക്കിടകം 22 ചൊവ്വ*

# പത്രക്കുറിപ്പ്-1



www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657


**ഏനാത്ത് സ്മാർട്ട് വില്ലേജ് ഓഫീസ് നിർമാണ ഉദ്ഘാടനം ഇന്ന്**

ഏനാത്ത് സ്മാർട്ട് വില്ലേജ് ഓഫീസിന്റെ നിർമാണ ഉദ്ഘാടനം ഇന്ന് (8) വൈകിട്ട് നാലിന് ചിറ്റയം ഗോപകുമാർ എംഎൽഎ ഏനാത്ത് വില്ലേജോ ഓഫീസ് അങ്കണ ത്തിൽ നിർവഹിക്കും. ഏഴംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിജു രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ ആന്റോ ആന്റണി എംപി മുഖ്യാതിഥിയാകും. എഡിഎം പി.റ്റി എബ്രഹാം, ജില്ലാ പഞ്ചായത്തംഗം ബി.സതികുമാരി, ആർഡിഒ എം.എ.റഹിം, ബ്ലോക്ക് പഞ്ചായത്ത് വൈസ്പ്രസിഡന്റ് എസ്.രാധാകൃഷ്ണൻ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ ചന്ദ്രമതി രവി, രമ ജോഗീന്ദർ, ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് സരസ്വതി ഗോപി, വിവിധ രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും.

റവന്യു വകുപ്പിന്റെ ഫണ്ടിൽ നിന്നും അനുവദിച്ച 44 ലക്ഷം രൂപ ഉപയോഗിച്ചാണ് ഏനാത്ത് വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം പണിയുന്നത്. രണ്ട് നിലകളിലായി നിർമ്മിക്കുന്ന കെട്ടിടത്തിൽ ഉദ്യോഗസ്ഥർക്കും പെതുജനങ്ങൾക്കും വിപുലമായ സൗകര്യങ്ങൾ സജ്ജീകരിക്കും.നിലവിലുള്ള വില്ലേജ് ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റിയാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നത്.

(പിഎൻപി 2264/18)

## ലൈസൻസ് മേള

വള്ളിക്കോട് ഗ്രാമപഞ്ചായത്ത് പരിധിയിൽ വ്യാപാര സ്ഥാപനങ്ങൾ നടത്തുന്നവരിൽ 2018-19 വർഷത്തെ ലൈസൻസ് ഇനിയും എടുക്കാത്തവർക്കായി ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയത്തിൽ ഈ മാസം 13,14 തീയതികളിൽ രാവിലെ 10.30 മുതൽ 3 വരെ ലൈസൻസ് മേള നടത്തുന്നു. മേളയിൽ ലഭിക്കുന്ന അപേക്ഷകളിൽ അന്ന് തന്നെ ലൈസൻസ് നല്കും.എല്ലാ വ്യാപാരികളും ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് പ്രസിഡന്റ് അറിയിച്ചു. ഫോൺ 0468-2350229

(പിഎൻപി 2265/18)

## കാബേജ് കൃഷി പരിശീലനം

തിരുവല്ല കോളഭാഗത്തുള്ള ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ മഴ മറകളിലെ മഴക്കാല കാബേജ് കൃഷി എന്ന വിഷയത്തിൽ ഈ മാസം 10ന് രാവിലെ 10 മുതൽ പരിശീലനം നല്കുന്നു.താൽപര്യമുള്ളവർക്ക് ഇന്ന് (8 ന്) 5 മണി വരെ 0469-2662094 എന്ന നമ്പരിൽ രജിസ്റ്റർ ചെയ്യാം.

(പിഎൻപി 2266/18)




ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്